കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഭരണഘടന
# (മുപ്പത്തൊൻപതാം ഭേദഗതി)
# ആക്ററ്, 1975


യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില: 60-50

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഭരണഘടന
## (മുപ്പത്തൊൻപതാം ഭേദഗതി)
## ആക്ട്, 1975

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

[illegible]0-50

# ഭരണഘടന (മുപ്പത്തൊൻപതാം ഭേദഗതി) ആക്റ്റ്, 1975

ഇൻഡ്യയുടെ ഭരണഘടന കൂടുതലായി ഭേദഗതി ചെയ്യുന്നതിനുള്ള ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ ഇരുപത്താറാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

*ചുരുക്കപ്പേര്*

1. ഈ ആക്റ്റിന്, ഭരണഘടന (മുപ്പത്തൊമ്പതാം ഭേദഗതി) ആക്റ്റ്, 1975 എന്നു പേർ പറയാവുന്നതാണ്.

*71-ാം അനുച്ഛേദത്തിനു പകരം പുതിയ അനുച്ഛേദം ചേർക്കൽ.*

2. ഭരണഘടനയിലെ 71-ാം അനുച്ഛേദത്തിനു പകരം, താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

*രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടേയോ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചതോ അതിനോട് ബന്ധപ്പെട്ടതോ ആയ വിഷയങ്ങൾ.*

"71. (1) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായി,

ഏതു കാരണങ്ങളിൻമേലാണോ ഒരു രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടേയോ തിരഞ്ഞെടുപ്പ് ചോദ്യം ചെയ്യപ്പെടാവുന്നത്, ആ കാരണങ്ങൾ ഉൾപ്പെടെ ആ തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്നതോ അതിനോടു ബന്ധപ്പെട്ടതോ ആയ,

ഏത് വിഷയവും പാർലമെന്റിന് നിയമം മുഖേന ക്രമപ്പെടുത്താവുന്നതാണ്:

എന്നാൽ, ഒരാളുടെ, രാഷ്ട്രപതിയായോ, ഉപരാഷ്ട്രപതിയായോ ഉള്ള തിരഞ്ഞെടുപ്പ്, അദ്ദേഹത്തെ തിരഞ്ഞെടുക്കുന്ന നിയോജക ഗണത്തിലെ അംഗങ്ങളുടെ ഇടയിൽ, എന്തു കാരണത്താലായാലും ഏതെങ്കിലും ഒഴിവുണ്ട് എന്ന കാരണത്തിൻമേൽ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

(2) രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടേയോ തിരഞ്ഞെടുപ്പിൽനിന്നോ അതുമായി ബന്ധപ്പെട്ടോ ഉദ്ഭവിക്കുന്ന എല്ലാ സംശയങ്ങളും

തർക്കങ്ങളും (1)—ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും നിയമം മുഖേനയോ നിയമത്തിൻ കീഴിലോ വ്യവസ്ഥചെയ്യുന്ന അധികാരസ്ഥാനത്താലും, അല്ലെങ്കിൽ നികായത്താലും രീതിയിലും അന്വേഷണ വിചാരണ നടത്തി തീരുമാനിക്കപ്പെടേണ്ടതാകുന്നു.

(3) (1)—ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടതുപോലെയുള്ള ഏതെങ്കിലും നിയമത്തിൻെറ സാധുതയും, അധികാരസ്ഥാനത്തിൻേറയോ നിയാകത്തിൻേറയാ അങ്ങനെയുള്ള നിയമത്തിൻ കീഴിലെ ഏതെങ്കിലും തീരുമാനവും ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

(4) ഒരാളുടെ, രാഷ്ട്രപതിയായോ ഉപരാഷ്ട്രപതിയായോ ഉള്ള തിരഞ്ഞെടുപ്പ് ശൂന്യമാണെന്നു (1)—ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും നിയമത്തിൻകീഴിൽ പ്രഖ്യാപിക്കപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ള പ്രഖ്യാപനത്തിൻെറ തീയതിയിലോ അതിനുമുമ്പോ, അതാതു സംഗതിപോലെ, രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടേയോ ഉദ്യോഗത്തിൻെറ അധികാരങ്ങളുടേയും കർത്തവ്യങ്ങളുടേയും പ്രയോഗത്തിലും നിർവ്വഹണത്തിലും അദ്ദേഹത്താൽ ചെയ്യപ്പെട്ടിട്ടുള്ള കൃത്യങ്ങൾ ആ പ്രഖ്യാപനം നിമിത്തം അസാധുവാക്കപ്പെടുന്നതല്ല.''

329—ാം അനുച്ഛേദത്തിൻെറ ഭേദഗതി.

3. ഭരണഘടന, 329—ാം അനുച്ഛേദത്തിൽ, ''ഈ ഭരണഘടനയിൽ എന്തുതന്നെയിരുന്നാലും'' എന്ന വാക്കുകൾക്കു പകരം, ''ഈ ഭരണഘടനയിൽ എന്തുതന്നെയിരുന്നാലും, എന്നാൽ 329ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കു വിധേയമായി,'' എന്ന വാക്കുകളും, അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാകുന്നു.

329ക എന്ന പുതിയ അനുച്ഛേദം ചേർക്കൽ.

4. ഭരണഘടന, XV—ാം ഭാഗത്തിൽ, 329—ാം അനുച്ഛേദത്തിനുശേഷം, താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

പ്രധാനമന്ത്രിയുടേയും സ്പീക്കറുടേയും സംഗതിയിൽ പാർലമെൻറിലേക്കുള്ള തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.

"329ക. (1) V—ാം ഭാഗം, II—ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക്, [102—ാം അനുച്ഛേദം, (1)—ാം ഖണ്ഡത്തിലെ (ങ) ഉപഖണ്ഡമൊഴികെ] വിധേയമായി,—

(ക) പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലേക്കെങ്കിലുമുള്ള തൻെറ തിരഞ്ഞെടുപ്പു സമയത്ത് പ്രധാനമന്ത്രി

യുടെ ഉദ്യോഗം വഹിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള തിരഞ്ഞെടുപ്പിനുശേഷം പ്രധാനമന്ത്രിയായി നിയമിക്കപ്പെടുകയോ ചെയ്യുന്ന ഒരാളുടെ, അങ്ങനെയുള്ളതോ;

(ഖ) ലോകസഭയിലേക്കുള്ള തൻെറ തിരഞ്ഞെടുപ്പു സമയത്ത് ലോകസഭയുടെ സ്പീക്കറായി ഉദ്യോഗം വഹിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള തിരഞ്ഞെടുപ്പിനുശേഷം ആ സഭയിലേക്കുള്ള സ്പീക്കറായി വരണം ചെയ്യപ്പെടുകയോ ചെയ്യുന്ന ഒരാളുടെ, അങ്ങനെയുള്ളതോ;

ആയ യാതൊരു തിരഞ്ഞെടുപ്പും, പാർലമെൻറിനാൽ നിർമ്മിക്കപ്പെടുന്ന ഏതെങ്കിലും നിയമം മുഖേനയോ നിയമത്തിൻകീഴിലോ വ്യവസ്ഥചെയ്യുന്ന അധികാരസ്ഥാനത്തിൻെറ (329-ാം അനുച്ഛേദത്തിലെ (ഖ) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടതുപോലെയുള്ള ഏതെങ്കിലും അധികാര സ്ഥാനമല്ലാത്തത്) അല്ലെങ്കിൽ നികായത്തിൻെറ മുമ്പാകെയും രീതിയിലും ഒഴികെ ചോദ്യം ചെയ്യപ്പെടാവുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിന് ഏതു കാരണങ്ങളിൻമേലാണോ അങ്ങനെയുള്ള തിരഞ്ഞെടുപ്പ് ചോദ്യം ചെയ്യപ്പെടാവുന്നത്, ആ കാരണങ്ങൾ ഉൾപ്പെടെ, അങ്ങനെയുള്ള തിരഞ്ഞെടുപ്പു സംബന്ധിച്ച സംശയങ്ങളേയും തർക്കങ്ങളേയും കുറിച്ചുള്ള മററ് എല്ലാ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യാവുന്നതുമാകുന്നു.

(2) (1)-ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടതുപോലെയുള്ള ഏതെങ്കിലും നിയമത്തിൻെറ സാധുതയും, ഏതെങ്കിലും അധികാരസ്ഥാനത്തിൻേറയോ നികായത്തിൻേറയോ അങ്ങനെയുള്ള നിയമത്തിൻകീഴിലെ തീരുമാനവും, ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

(3) ഏതെങ്കിലും ആൾ, അതാതു സംഗതിപോലെ, പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലേക്കെങ്കിലുമോ അല്ലെങ്കിൽ ലോകസഭയിലേക്കോ ഉള്ള തൻെറ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ളതും, 329-ാം അനുച്ഛേദത്തിലെ (ഖ) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടതുമായ ഒരു തിരഞ്ഞെടുപ്പ് ഹർജ്ജി നിലവിലുള്ളപ്പോൾ, അതാതു സംഗതിപോലെ,

പ്രധാനമന്ത്രിയായി നിയമിക്കപ്പെടുകയോ ലോകസഭയിലെ സ്പീക്കറുടെ ഉദ്യോഗത്തിലേക്കു വരണം ചെയ്യപ്പെടുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള തിരഞ്ഞെടുപ്പു ഹർജ്ജി, അദ്ദേഹം, അതാതു സംഗതിപോലെ, പ്രധാനമന്ത്രിയായി നിയമിക്കപ്പെടുകയോ ലോകസഭയിലെ സ്പീക്കറുടെ ഉദ്യോഗത്തിലേക്ക് വരണം ചെയ്യപ്പെടുകയോ ചെയ്യുന്നതോടെ ഉപശമിക്കുന്നതും, എന്നാൽ അങ്ങനെയുള്ള തിരഞ്ഞെടുപ്പ് (1)—ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും നിയമത്തിൻകീഴിൽ ചോദ്യം ചെയ്യപ്പെടാവുന്നതും ആകുന്നു.

(4) ഭരണഘടന (മുപ്പത്തൊൻപതാം ഭേദഗതി) ആക്റ്റ്, 1975—ന്റെ പ്രാരംഭത്തിനുമുമ്പ് പാർലമെന്റിനാൽ നിർമ്മിക്കപ്പെട്ട യാതൊരു നിയമവും, അതു തിരഞ്ഞെടുപ്പു ഹർജ്ജികളേയും അവയുമായി ബന്ധപ്പെട്ട വിഷയങ്ങളേയും സംബന്ധിക്കുന്നിടത്തോളം, പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലേക്കെങ്കിലുമുള്ള, (1)—ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടതുപോലെയുള്ള ആളുടെ തിരഞ്ഞെടുപ്പിനോ, തിരഞ്ഞെടുപ്പു സംബന്ധിച്ചോ ബാധകമാകുന്നതോ എപ്പോഴെങ്കിലും ബാധകമായിരുന്നതായി കരുതപ്പെടുന്നതോ അല്ലാത്തതും, അങ്ങനെയുള്ള തിരഞ്ഞെടുപ്പ്, ഏതു കാരണത്തിൻമേലാണോ അങ്ങനെയുള്ള തിരഞ്ഞെടുപ്പു ശൂന്യമായി പ്രഖ്യാപിക്കപ്പെടാവുന്നത്, അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭത്തിനു മുൻപ് അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ശൂന്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും കാരണത്തിൻമേൽ, ശൂന്യമാകുന്നതോ എപ്പോഴെങ്കിലും ശൂന്യമായിരുന്നതോ ആയി കരുതപ്പെടുന്നതല്ലാത്തതും, അങ്ങനെയുള്ള പ്രാരംഭത്തിനു മുൻപ്, അങ്ങനെയുള്ള തിരഞ്ഞെടുപ്പു ശൂന്യമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും ഉത്തരവ് ഉണ്ടെന്നിരുന്നാലും, അങ്ങനെയുള്ള തിരഞ്ഞെടുപ്പ് എല്ലാ നിലയിലും സാധുവായിത്തുടരുന്നതും, അങ്ങനെയുള്ള ഏതു ഉത്തരവും അങ്ങനെയുള്ള ഉത്തരവിന് അടിസ്ഥാനമായ ഏതു തീർപ്പും ശൂന്യമായതും പ്രഭാവമില്ലാത്തതും ആയിരിക്കുന്നതും, എപ്പോഴും അങ്ങനെ ആയിരുന്നതായി കരുതപ്പെടുന്നതും ആകുന്നു.

(5) ഏതെങ്കിലും കോടതിയുടെ (4)—ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടതുപോലെയുള്ള ഏതെങ്കിലും ഉത്തരവിനെതിരായുള്ളതും ഭരണഘടന

(മുപ്പത്തൊൻപതാം ഭേദഗതി) ആക്ററ്, 1975-ൻെറ. പ്രാരംഭത്തിനു തൊട്ടു മുൻപ് സുപ്രീംകോടതി മുമ്പാകെ നിലവിലുള്ളതുമായ ഏതെങ്കിലും അപ്പീലോ എതിരപ്പീലോ, (4)-ാം ഖണ്ഡത്തിലെ വ്യവസ്ഥ കരംക്ക് അനുരൂപമായി തീർപ്പുചെയ്യപ്പെടേണ്ടതാകുന്നു.

(6) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകരം ക്ക്, ഈ ഭരണഘടനയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.''

ഒൻപതാം പട്ടികയുടെ ഭേദഗതി.

5. ഭരണഘടനയിലെ ഒൻപതാം പട്ടികയിൽ, 86-ാം ഉരംക്കുറിപ്പിനുശേഷവും വിശദീകരണത്തിനു മുൻപുമായി താഴെപ്പറയുന്ന ഉരംക്കുറിപ്പുകരം ചേർക്കേണ്ടതാണ്, അതായത്:—

''87. ദി റെപ്രസെൻേറഷൻ ആഫ് ദി പീപ്പിരം ആക്ററ്, 1951 (1951-ലെ 43-ാം കേന്ദ്ര ആക്ററ്)-ം ദി റെപ്രസെൻേറഷൻ ആഫ് ദി പീപ്പിരം (അമെൻഡ്മെൻറ്) ആക്ററ്, 1974 (1974-ലെ 58-ാം കേന്ദ്ര ആക്ററ്)-ം ദി ഇലക്ഷൻ ലാസ് (അമെൻറുമെൻഡ്) ആക്ററ്, 1975 (1975-ലെ 40-ാം കേന്ദ്ര ആക്ററ്)-ം.

88. ദി ഇൻഡസ്ട്രീസ് (ഡെവലപ്പ്മെൻറ് ആൻഡ് റെഗുലേഷൻ) ആക്ററ്, 1951 (1951-ലെ 65-ാം കേന്ദ്ര ആക്ററ്).

89. ദി റിക്വസിഷനിംങ്ങ് ആൻഡ് അക്വിസിഷൻ ആഫ് ഇമ്മൂവബിരം പ്രാപ്പർട്ടി ആക്ററ്, 1952 (1952-ലെ 30-ാം കേന്ദ്ര ആക്ററ്).

90. ദി മൈൻസ് ആൻഡ് മിനറൽസ് (റഗുലേഷൻ ആൻഡ് ഡെവലപ്പ്മെൻറ്) ആക്ററ്, 1957 (1957-ലെ 67-ാം കേന്ദ്ര ആക്ററ്).

91. ദി മോണോപ്പൊളീസ് ആൻഡ് റെസ്ട്രിക്ററീവ് ട്രെയിഡ് പ്രാക്ററീസസ് ആക്ററ്, 1969 (1969-ലെ 54-ാം കേന്ദ്ര ആക്ററ്).

92. ദി മെയിൻറനൻസ് ആൻഡ് ഇൻേറണൽ സെക്യൂരിററി ആക്ററ്, 1971 (1971-ലെ 26-ാം കേന്ദ്ര ആക്ററ്).

93. ദി കോക്കിംങ്ങ് കോരം മൈൻസ് (എമർജൻസി പ്രൊവിഷൻസ്) ആക്ററ്, 1971 (1971-ലെ 64-ാം കേന്ദ്ര ആക്ററ്),

94. ദി കോക്കിംങ്ങ് കോാം മൈൻസ് (നാഷണലൈസേഷൻ) ആക്ററ്, 1972 (1972-ലെ 36-ാം കേന്ദ്ര ആക്ററ്).

95. ദി ജനറൽ ഇൻഷ്വറൻസ് ബിസിനസ്സ് (നാഷണലൈസേഷൻ) ആക്ററ്, 1972 (1972-ലെ 57-ാം കേന്ദ്ര ആക്ററ്).

96. ദി ഇൻഡ്യൻ കാപ്പർ കാർപ്പറേഷൻ (അക്വിസിഷൻ ആഫ് അണ്ടർടേക്കിംങ്ങ്) ആക്ററ്, 1972 (1972-ലെ 58-ാം കേന്ദ്ര ആക്ററ്).

97. ദി സിക് ടെക്സ്ററയിൽ അണ്ടർ ടേക്കിംങ്ങ്സ് (ടേക്കിംങ്ങ് ഓവർ ആഫ് മാനേജ് മെൻറ്) ആക്ററ്, 1972 (1972-ലെ 72-ാം കേന്ദ്ര ആക്ററ്).

98. ദി കോാം മൈൻസ് (ടേക്കിങ്ങ് ഓവർ ആഫ് മാനേജ്മെൻറ്) ആക്ററ്, 1973 (1973-ലെ 15-ാം കേന്ദ്ര ആക്ററ്).

99. ദി കോാം മൈൻസ് (നാഷണലൈസേഷൻ) ആക്ററ്, 1973 (1973-ലെ 26-ാം കേന്ദ്ര ആക്ററ്).

100. ദി ഫാറിൻ എക്സ്ചെയിഞ്ച് റഗുലേഷൻ ആക്ററ്, 1973 (1973-ലെ 46-ാം കേന്ദ്ര ആക്ററ്).

101. ദി അാംക്കോക്ക് ആഷ്ഡൗൺ കമ്പനി ലിമിററഡ് (അക്വിസിഷൻ ആഫ് അണ്ടർടേക്കിങ്ങ്സ്) ആക്ററ്, 1973 (1973-ലെ 56-ാം കേന്ദ്ര ആക്ററ്).

102. ദി കോാം മൈൻസ് (കൺസർവേഷൻ ആൻഡ് ഡെവലപ്പ്മെൻറ്) ആക്ററ്, 1974 (1974-ലെ 28-ാം കേന്ദ്ര ആക്ററ്).

103. ദി അഡീഷണൽ എമോളുമെൻറ്സ് (കമ്പൽസറി ഡെപ്പോസിററ്) ആക്ററ്, 1974 (1974-ലെ 37-ാം കേന്ദ്ര ആക്ററ്).

104. ദി കൺസർവേഷൻ ആഫ് ഫാറിൻ എക്സ്ചേഞ്ച് ആൻഡ് പ്രിവെൻഷൻ ആഫ് സ്മഗ്ഗിങ്ങ് ആക്ററിവിററീസ് ആക്ററ്, 1974 (1974-ലെ 52-ാം കേന്ദ്ര ആക്ററ്).

105. ദി സിക് ടെക്സ്ററയിൽ അണ്ടർറേക്കിങ്ങ്സ് (നാഷണലൈസേഷൻ) ആക്ററ്, 1974 (1974-ലെ 57-ാം കേന്ദ്ര ആക്ററ്).

106. ദി മഹാരാഷ്ട്ര അഗ്രിക്കൾച്ചറൽ ലാൻഡ്സ് (സീലിങ്ങ് ആൺ ഹോൾഡിങ്ങ്സ്) (അമെൻഡ്മെൻറ്) ആക്റ്റ്, 1964 (1964-ലെ 16-ാം മഹാരാഷ്ട്രാ ആക്റ്റ്).

107. ദി മഹാരാഷ്ട്രാ അഗ്രിക്കൾച്ചറൽ ലാൻഡ്സ് (സീലിങ്ങ് ആൺ ഹോൾഡിങ്ങ്സ്) (അമെഡ്മെൻറ്) ആക്റ്റ്, 1965 (1965-ലെ 32-ാം മഹാരാഷ്ട്രാ ആക്റ്റ്).

108. ദി മഹാരാഷ്ട്രാ അഗ്രിക്കൾച്ചറൽ ലാൻഡ്സ് (സീലിങ്ങ് ആൺ ഹോൾഡിങ്ങ്സ്) (അമെൻഡ്മെൻറ്) ആക്റ്റ്, 1968 (1968-ലെ 16-ാം മഹാരാഷ്ട്രാ ആക്റ്റ്).

109. ദി മഹാരാഷ്ട്രാ അഗ്രിക്കൾച്ചറൽ ലാൻഡ്സ് (സീലിങ്ങ് ആൺ ഹോൾഡിങ്ങ്സ്) (സെക്കൻഡ് അമെൻഡ്മെൻറ്) ആക്റ്റ്, 1968 (1968-ലെ 33-ാം മഹാരാഷ്ട്രാ ആക്റ്റ്).

110. ദി മഹാരാഷ്ട്രാ അഗ്രിക്കൾച്ചറൽ ലാൻഡ്സ് (സീലിങ്ങ് ആൺ ഹോൾഡിങ്ങ്സ്) (അമെൻഡ്മെൻറ്) ആക്റ്റ്, 1969 (1969-ലെ 37-ാം മഹാരാഷ്ട്രാ ആക്റ്റ്).

111. ദി മഹാരാഷ്ട്രാ അഗ്രിക്കൾച്ചറൽ ലാൻഡ്സ് (സീലിങ്ങ് ആൺ ഹോൾഡിങ്ങ്സ്) (സെക്കൻഡ് അമെൻഡ്മെൻറ്) ആക്റ്റ്, 1969 (1969-ലെ 38-ാം മഹാരാഷ്ട്രാ ആക്റ്റ്).

112. ദി മഹാരാഷ്ട്രാ അഗ്രിക്കൾച്ചറൽ ലാൻഡ്സ് (സീലിങ്ങ് ആൺ ഹോൾഡിങ്ങ്സ്) (അമെൻഡ്മെൻറ്) ആക്റ്റ്, 1970 (1970-ലെ 27-ാം മഹാരാഷ്ട്രാ ആക്റ്റ്).

113. ദി മഹാരാഷ്ട്രാ അഗ്രിക്കൾച്ചറൽ ലാൻഡ്സ് (സീലിങ്ങ് ആൺ ഹോൾഡിങ്ങ്സ്) (അമെൻമെൻഡ്) ആക്റ്റ്, 1972 (1972-ലെ 13-ാം മഹാരാഷ്ട്രാ ആക്റ്റ്).

114. ദി മഹാരാഷ്ട്രാ അഗ്രിക്കൾച്ചറൽ ലാൻഡ്സ് (സീലിങ്ങ് ആൺ ഹോൾഡിങ്ങ്സ്) (അമെഡ്മെൻറ്) ആക്റ്റ്, 1973 (1973-ലെ 50-ാം മഹാരാഷ്ട്രാ ആക്റ്റ്).

115. ദി ഒറീസ്സാ ലാൻഡ് റിഫാംസ് (അമെൻഡ്മെൻറ്) ആക്റ്റ്, 1965 (1965-ലെ 13-ാം ഒറീസ്സാ ആക്റ്റ്).

116. ദി ഒറീസ്സാ ലാൻഡ് റിഫാംസ് (അമെൻഡ്മെൻറ്) ആക്റ്റ്, 1966 (1967-ലെ 8–ാം ഒറീസ്സാ ആക്റ്റ്).

117. ദി ഒറീസ്സാ ലാൻഡ് റിഫാംസ് (അമെൻഡ്മെൻറ്) ആക്റ്റ്, 1967 (1967-ലെ 13–ാം ഒറീസ്സാ ആക്റ്റ്).

118. ദി ഒറീസ്സാ ലാൻഡ് റിഫാംസ് (അമെൻഡ്മെൻറ്) ആക്റ്റ്, 1969 (1969-ലെ 13-ാം ഒറീസ്സാ ആക്റ്റ്).

119. ദി ഒറീസ്സാ ലാൻഡ് റിഫാംസ് (അമെൻഡ്മെൻറ്) ആക്റ്റ്, 1970 (1970-ലെ 18–ാം ഒറീസ്സാ ആക്റ്റ്).

120. ദി ഉത്തർപ്രദേശ് ഇംപോസിഷൻ ആഫ് സീലിങ്ങ് ആൺ ലാൻഡ് ഹോൾഡിങ്ങ്സ്) (അമെൻഡ്മെൻറ്) ആക്റ്റ്, 1972 (1973-ലെ 18–ാം ഉത്തർപ്രദേശ് ആക്റ്റ്).

121. ദി ഉത്തർപ്രദേശ് ഇംപോസിഷൻ ആഫ് സീലിങ്ങ് ആൺ ലാൻഡ് ഹോൾഡിംഗ്സ്) (അമെൻഡ്മെൻറ്) ആക്റ്റ്, 1974 (1975-ലെ 2–ാം ഉത്തർപ്രദേശ് ആക്റ്റ്).

122. ദി ത്രിപുര ലാൻഡ് റവന്യൂ ആൻഡ് ലാൻഡ് റിഫാംസ് (തേഡ് അമെൻഡ്മെൻറ്) ആക്റ്റ്, 1975 (1975-ലെ 3–ാം ത്രിപുര ആക്റ്റ്).

123. ദി ദാദ്രാ ആൻഡ് നാഗർഹവേലി ലാൻഡ് റിഫാംസ് റഗുലേഷൻ, 1971 (1971-ലെ 3).

124. ദി ദാദ്രാ ആൻഡ് നാഗർഹവേലി ലാൻഡ് റിഫാംസ് (അമെൻഡ്മെൻറ്) റഗുലേഷൻ, 1973 (1973-ലെ 5).''

---